# Telephonic conversation between Prime Minister and Vladimir V. Putin, President of Russia on COVID-19

March 25, 2020

## കോവിഡ് -19 സംബന്ധിച്ച് പ്രധാന മന്ത്രിയും റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ വി പുടിനും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

**മാർച്ച് 25, 2020**

പ്രധാനമന്ത്രി നരേന്ദ്ര മോഡി റഷ്യൻ ഫെഡറേഷൻ പ്രസിഡണ്ട് വ്ലാഡിമിർ വി പുറ്റിനുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. കോവിഡ് -19 പകർച്ചവ്യാധി പശ്ചാത്തലത്തിലെ ആഗോള സാഹചര്യം രണ്ടു നേതാക്കളും ചർച്ച ചെയ്തു.

റഷ്യയിൽ രോഗം മൂലം ദുരിതമനുഭവിക്കുന്നവർക്ക് വേഗത്തിലുള്ള രോഗമുക്തിയ്ക്കായി പ്രധാന മന്ത്രി ആശംസകൾ അറിയിച്ചു കൂടാതെ പ്രസിഡന്റ് പുടിന്റെ നേതൃത്വത്തിൽ റഷ്യ നടത്തുന്ന പ്രവർത്തനങ്ങൾ രോഗത്തെ എതിരിടുന്നതിൽ വിജയിക്കട്ടെ എന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കോവിഡ്-19 നെ നേരിടുന്നതിൽ ഇന്ത്യ സ്വീകരിച്ച നടപടികൾ വിജയം കണ്ടെത്തുന്നതിന് പ്രസിഡന്റ് പുടിനും പ്രധാനമന്ത്രിയോട് ആശംസൾ അറിയിച്ചു.

ഈ വലിയ പ്രതിസന്ധി മൂലം അഭിമുഖീകരിക്കേണ്ടി വരുന്ന ആരോഗ്യം, മരുന്നുകൾ, ശാസ്ത്രീയ ഗവേഷണം, മാനുഷികമായ വസ്തുതകൾ കൂടാതെ ആഗോള സാമ്പത്തികാവസ്ഥയിലെ പ്രത്യാഘാതങ്ങൾ എന്നിവ ഉൾപ്പെടുന്ന എല്ലാ വെല്ലുവിളികളെയും ശരിയായ രീതിയിൽ നേരിടുന്നതിന് തുടർന്നും പര്യാലോചനകളും സഹകരണവും നടത്തുന്നതാണെന്ന് ഇരു നേതാക്കളും അംഗീകരിച്ചു. G20 ഘടനയിൽ നിന്ന് കൊണ്ട് ഒരുമിച്ചു കോവിഡ് -19 നെ നേരിടുന്നതിനുള്ള അന്താരാഷ്ട്ര സഹകരണത്തിന്റെ പ്രാധാന്യം അവർ ഊന്നി പറഞ്ഞു.

റഷ്യയിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം റഷ്യൻ അധികാരികൾ പ്രകടിപ്പിച്ച സഹകരണത്തിന് പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു കൂടാതെ ഇത് ഭാവിയിലും തുടരുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.പ്രസിഡന്റ് പുടിൻ ഇത് സംബന്ധിച്ചുള്ള എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. റഷ്യൻ പൗരന്മാരുടെ

സ്വാസ്ഥ്യം ഉറപ്പാക്കുന്നതിനായി സാധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തുന്നതിനും ആവശ്യമുള്ളപ്പോൾ തിരിച്ചു പോകുന്നതിനും ബന്ധപ്പെട്ട ഇന്ത്യൻ അധികാരികൾ സൗകര്യമൊരുക്കുന്നത് തുടരുന്നതാണെന്നു പ്രധാന മന്ത്രി പ്രസിഡണ്ട് പുടിനോട് പറഞ്ഞു.

മികച്ച ക്രിയാത്മകതയും, ഊഷ്മളവും ഹൃദ്യവുമായ സമയ ബന്ധിത ഉഭയകക്ഷി ബന്ധങ്ങൾ തുടർന്ന് പോകുന്നതിന് അടുത്ത സഹകരണം തുടരുമെന്ന് ഇരു നേതാക്കളും സമ്മതിക്കുകയുണ്ടായി.ഈ വർഷത്തിൽ വ്യക്തിഗതമായി സംവദിക്കേണ്ട അവസരങ്ങൾക്കായി പ്രതീക്ഷിക്കുന്നുവെന്നു അവർ ആവർത്തിച്ചു പറയുകയുണ്ടായി .

**ന്യൂ ഡൽഹി**

**25 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.